വൈദ്യുതി വിതരണ സംവിധാനത്തിലെ പ്രസരണ നഷ്ടം

16 (*46) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വിതരണ സംവിധാനത്തിൽ ഓവർ ഹെഡ് ഓപ്പൺലൈൻ, അണ്ടർഗ്രൗണ്ട് കേബിൾ ഇവയിൽ ഏതാണ് കൂടുതൽ കാര്യക്ഷമവും പ്രസരണനഷ്ടം കുറവുള്ളതുമെന്ന കാര്യത്തിൽ താരതമ്യപഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) നിലവിൽ പ്രസരണനഷ്ടം എത്ര ശതമാനമാണെന്ന് വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്തെ ഏതെങ്കിലും പട്ടണത്തിൽ പൂർണ്ണമായോ ഭാഗികമായോ അണ്ടർഗ്രൗണ്ട് കേബിൾ വിതരണ ശൃംഖല സ്ഥാപിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാര്യക്ഷമത പരിശോധിച്ച് എല്ലാ പട്ടണങ്ങളിലും അത്തരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്. കാര്യക്ഷമതയുള്ളതും വിതരണ നഷ്ടം കുറവുള്ളതും ഭൂഗർഭ കേബിൾ ശൃംഖല തന്നെയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്.

(ബി) 2014-15 വർഷത്തേക്ക് സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച പ്രസരണ വിതരണ നഷ്ടം 14.5% ആണ്. ഇതിൽ പ്രസരണ നഷ്ടം 4.5% ആണെന്ന് കണക്കാക്കിയിരിക്കുന്നു.

(സി) കേരളത്തിലെ പ്രധാന നഗരങ്ങളിലും പ്രധാന പട്ടണങ്ങളിലും ഭൂഗർഭ കേബിൾ വിതരണ ശൃംഖല സ്ഥാപിക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

നിർമ്മാണ മേഖലയിലെ പ്രതിസന്ധി

17 (*47) ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും അമിത വിലയും നിർമ്മാണ വ്യവസായ മേഖലയിൽ പ്രതിസന്ധിക്ക് കാരണമാകുന്നതായി വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിനിടയാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് അവലോകനം നടത്തിയിട്ടുണ്ടോ ;

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയങ്ങളുടെയും നിലപാടുകളുടെയും ഫലമായി ഇത്തരത്തിൽ അമിതവിലയും ദൗർലഭ്യവും ഉണ്ടാകുന്നതിന് കാരണമാകുന്നു എന്നതിൽ നിലപാട് വ്യക്തമാക്കുമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ&ബി) വിലയിരുത്തിയിട്ടുണ്ട്. ബഹു. സുപ്രീംകോടതിയുടെയും ദേശീയ ഹരിത ട്രൈബ്യൂണലിന്റെയും ഉത്തരവുകൾ കാരണം നിർമ്മാണ സാമഗ്രികളായ കരിങ്കല്ല്, മണൽ എന്നിവയുടെ ഖനനാനുമതി പുതുക്കി നൽകുന്നതിന് തടസ്സം നേരിടുന്നുണ്ട്. മണലിന്റെ ലഭ്യതക്കുറവ്, സിമന്റ്, കമ്പി, ഹോളോ ബ്രിക്സ്, മെറ്റൽ തുടങ്ങിയവയുടെ വിലവർദ്ധനവും നിർമ്മാണമേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. മണലിന്റെ ലഭ്യതക്കുറവ് ഒരു പരിധിവരെയെങ്കിലും പരിഹരിക്കുന്നതിനായി സിഡ്കോയുടെ വിപണന വിഭാഗം മണലിന്റെ വിതരണം സുഗമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അതാത് ജില്ലകളിലെ വിവിധ ഡാമുകളിൽനിന്നും സാങ്കേതിക മാനദണ്ഡങ്ങളനുസരിച്ച് നീക്കം ചെയ്യാവുന്ന മണൽ അനുവദനീയമായ രീതിയിൽ സംഭരിക്കുന്നതിന് പ്രായോഗിക പദ്ധതി തയ്യാറാക്കുന്നതിനും അപ്രകാരം സംഭരിക്കുന്ന മണൽ വിതരണം ചെയ്യുന്നതിനുമുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് 4-3-2014-ലെ സ.ഉ.(എംഎസ്.) 38/14/വ്യവ. പ്രകാരം കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സിഡ്കോ അസംസ്കൃത വിപണന വിഭാഗം മുൻകൈയെടുത്ത് സിമന്റ്, കമ്പി, തുടങ്ങിയ സാമഗ്രികൾ ന്യായവിലയ്ക്ക് വിതരണം ചെയ്തു വരുന്നു.

(സി) നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും ആവശ്യക്കാരുടെ വർദ്ധനവും അമിതോപയോഗവും ഇവയുടെ ദൗർലഭ്യത്തിനും അമിതവിലയ്ക്കും കാരണമാകുന്നുണ്ട്.

ഖനന ചട്ടങ്ങളും പരിസ്ഥിതി ആഘാതവും

18 (T** 48) ശ്രീ. കെ. അജിത് :

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീ. പി. തിലോത്തമൻ :

ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിസ്ഥിതിക്ക് എത്ര മാറ്റമുണ്ടാകും എന്നറിയാനുള്ള പഠനം നടത്തിയ ശേഷമേ പാറയും മണ്ണും മറ്റു ചെറുകിട ധാതുക്കളും ഖനനം ചെയ്യാവൂ എന്ന സുപ്രീം കോടതിയുടെയും കേന്ദ്ര ഗവൺമെന്റിന്റെയും ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly